**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. എ.പി. ജയന്തകുമാറിനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1245/2017/തസ്വഭവ                    തീയതി, തിരുവനന്തപുരം, 19.04.2017

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.07.2010-ലെ ഇ 7-(എസ് സി 3/10/സിആർഇ)15396/2010 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 26.07.2010-ലെ 7058/ഡി3/2010/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 21.10.2013-ലെ 50178/ഇപിബി2/10/തസ്വഭവ നമ്പർ കുറ്റപത്രം
4. തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. ജയന്തകുമാർ സമർപ്പിച്ച 28.12.2013-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2015-ലെ ഡി2-21950/2011 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ ശ്രീ. എ.പി. ജയന്തകുമാർ ചട്ടങ്ങൾ പരിശോധിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജയന്തകുമാറിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ജയന്തകുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

തിരുവാങ്കുളം ഗ്രാമപഞ്ചായത്തിൽ ശ്രീ. ശരത് കുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ള IX/57A എന്ന കെട്ടിടത്തിന് നിയമാനുസൃത ദൂരപരിധി വിട്ടുതലുകൾ ഉറപ്പ് വരുത്താതെ കെട്ടിട നമ്പർ അനുവദിക്കാൻ ശ്രീ. ജയന്ത് കുമാർ റിപ്പോർട്ട് നൽകിയെന്ന ആരോപണം പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ ചട്ടത്തിലെ സൂക്ഷ്മ സാങ്കേതിക വശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടത് ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ജീവനക്കാരാണെന്നും കെട്ടിടത്തിലെ മുറികളുടെ എണ്ണവും അനുവദനീയമായ കെട്ടിട നമ്പറും രേഖപ്പെടുത്തുക മാത്രമാണ് സെക്ഷൻ ക്ലാർക്കായ ശ്രീ. ജയന്ത് കുമാർ ചെയ്തിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി. അന്നമ്മ കോശി എന്നയാളുടെ ഉടമസ്ഥതയിലുള്ള XI 268A മുതൽ 268E വരെയുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നമ്പർ അനുവദിച്ചുവെന്ന ആരോപണം പരിശോധിച്ചതിൽ

സാങ്കേതിക വശങ്ങൾ പരിശോധിക്കുന്നതിലുണ്ടാകുന്ന പിഴവുകൾക്ക് ക്ലാർക്ക് മാത്രമായിരുന്ന ടിയാൻ ഉത്തരവാദിയാകുന്നില്ലെന്നുമുള്ള ശ്രീ. ജയന്തകുമാറിന്റെ വാദം അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി രണ്ട് നിർമ്മാണ വിഷയങ്ങളിലും സാങ്കേതിക പരിശോധനാ റിപ്പോർട്ട് നൽകിയിട്ടുള്ളത് തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയർ ആണെന്ന് കാണുന്നുണ്ടെന്നും ഇപ്രകാരം സാങ്കേതിക പ്രാവിണ്യമില്ലാത്ത ഒരു ക്ലാർക്ക് മാത്രമായിരുന്ന ശ്രീ. ജയന്തകുമാറിന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ജയന്തകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ശ്രീ. ജയന്തകുമാർ, കെ.സി.എസ് (സി.സി.&എ) ചട്ടങ്ങൾ 1960-ൽ പരാമർശിക്കുന്ന ശിക്ഷാവിധികൾ പ്രയോഗിക്കാൻ തക്കവീഴ്ചകൾ വരുത്തിയിട്ടില്ല എന്ന് കാണുന്ന സാഹചര്യത്തിൽ തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. എ.പി. ജയന്തകുമാറിനെ പൂർണ്ണമായി കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്,**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. എ.പി. ജയന്തകുമാർ, മുൻ ക്ലാർക്ക്, തിരുവാങ്കുളം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്ക്സ് നം.10431/ഡി3/2016/വിജി. തീയതി 22.10.2016 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.50178/ഇപിബി2/2010/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ